# കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം – അദ്ധ്യാപക വിഭാഗം – ഇസ്ലാമിക് ഹിസ്റ്ററി വിഷയത്തിലെ സ്ഥലം മാറ്റം – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നം.എ4 /22091/2015/കോവി.വ                തീയതി: 10/07/2015

---

പരാമർശം:– 1) ഈ ഓഫീസിലെ 29/05/2015 ലെ എ 4/3632/15/കോ.വി.വ നമ്പർ ഉത്തരവ്.
2) തലശ്ശേരി ഗവൺമെന്റ് ബ്രണ്ണൻ കോളേജ് പ്രിൻസിപ്പലിന്റെ ബി 1/11/2015 തീയതി 02/06/2015 ലെ കത്ത്.
3) ശ്രീ. അനിൽകുമാർ.കെ, അസിസ്റ്റന്റ് പ്രൊഫസർ, ഗവൺമെന്റ് ബ്രണ്ണൻ കോളേജ്, തലശ്ശേരി യുടെ 01/06/2015 ലെ അപേക്ഷ.

## ഉത്തരവ്

പരാമർശം (2), (3) പ്രകാരം സർക്കാർ ബ്രണ്ണൻ കോളേജ് തലശ്ശേരിയിലെ ഇസ്ലാമിക് ഹിസ്റ്ററി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ആയ ശ്രീ. അനിൽകുമാർ അദ്ദേഹത്തിന് എറണാകുളം മഹാരാജാസ് കോളേജിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് സ്ഥലം മാറ്റം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. അദ്ദേഹം G.O (MS) No. 157/2015/H.Edn. തീയതി 05/05/2015 പ്രകാരമുള്ള സമ്മതപത്രം സമർപ്പിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ശ്രീ. കെ. അനിൽകുമാറിന്റെ അപേക്ഷ പരിഗണിച്ച് എറണാകുളം മഹാരാജാസ് കോളേജിലെ ഡോ. മുഹമ്മദ് റഫീക്കിനെ പരാമർശം (1) പ്രകാരം സ്ഥലംമാറ്റം അനുവദിച്ചത് മൂലം ഉണ്ടായ ഒഴിവിൽ സ്ഥലംമാറ്റി നിയമിച്ച് ഉത്തരവാകുന്നു.

സ്ഥലം മാറ്റി നിയമിക്കപ്പെട്ട അദ്ധ്യാപകൻ സ്ഥലം മാറ്റി നിയമിക്കപ്പെട്ട സ്ഥാപനത്തിൽ ജോയിൻ ചെയ്തതു സംബന്ധിച്ച റിപ്പോർട്ട് ടി കോളേജിലെ പ്രിൻസിപ്പാൾ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

ടി അദ്ധ്യാപകന് ജോയിനിംഗ് ടൈമിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

<u>സ്ഥാപന മേധാവികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള (www.collgiateedu.kerala.gov.in) ഈ ഉത്തരവ് ഡൗൺ ലോഡ് ചെയ്ത് അദ്ധ്യാപകനെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും ജോലിയിൽ നിന്നും വിടുതൽ ചെയ്യേണ്ടതുമാണ്.</u>

ഒപ്പ്/–
ഡോ. തോമസ് കുരുവിള
കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ (ഇൻ ചാർജ്ജ്)

<u>പകർപ്പ്:–</u>
1) വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
2) ബന്ധപ്പെട്ട പ്രിൻസിപ്പാൾ, അദ്ധ്യാപകൻ
3) അക്കൗണ്ടന്റ് ജനറൽ, കോട്ടയം
4) നടപ്പ് ഫയൽ / കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

വൈ.റ്റി. 14/07/15